മനക്കണ്ണിന്റെ വെളിച്ചം അല്ലാഹു പ്രസരിക്കുന്ന വെളിച്ചമാണ്. അതാണ് ഈമാൻ. ആ വെളിച്ചം നുകരാൻ ഭാഗ്യം സിദ്ധിക്കാത്തവർക്ക്, അഥവാ അല്ലാഹുവിൽ വിശ്വസിക്കാത്തവർക്ക് മറ്റെവിടെനിന്നും ഒരു വെളിച്ചവും കിട്ടാനില്ല.



وَالَّذِينَ كَفَرُوا أَعْمَالُهُمْ كَسَرَابٍ بِقِيعَةٍ يَحْسَبُهُ الظَّمْآنُ مَاءً حَتَّىٰ إِذَا جَاءَهُ لَمْ يَجِدْهُ شَيْئًا وَوَجَدَ اللَّهَ عِنْدَهُ فَوَفَّاهُ حِسَابَهُ ۗ وَاللَّهُ سَرِيعُ الْحِسَابِ ﴿٣٩﴾

**39.** എന്നാൽ അല്ലാഹുവിന്റെ വെളിച്ചം നിഷേധിച്ചു വാണവരുണ്ടല്ലോ, അവരുടെ കർമങ്ങളൊക്കെയും മരുഭൂമിയിലെ മരീചിക പോലെയാകുന്നു. ദാഹാർത്തൻ അതു ജലമെന്നു നിനക്കുന്നു. അവിടേക്കു പാഞ്ഞു ചെന്നപ്പോഴോ യാതൊന്നും കണ്ടില്ല. കണ്ടതോ, അല്ലാഹുവിനെ. അല്ലാഹു അവനു കണക്കുതീർത്തുകൊടുക്കുകയും ചെയ്തു. അല്ലാഹു ശീഘ്രവിചാരകനല്ലോ.

**39**

وَالَّذِينَ كَفَرُوا = (അല്ലാഹുവിന്റെ വെളിച്ചം) നിഷേധിച്ച(ു വാണ)വരുണ്ടല്ലോ

أَعْمَالُهُمْ = അവരുടെ കർമങ്ങൾ (ഒക്കെയും)

كَسَرَابٍ بِقِيعَةٍ = ശൂന്യപ്രദേശത്തെ (മരുഭൂമിയിലെ) മരീചിക പോലെയാകുന്നു

يَحْسَبُهُ = അതിനെ നിനക്കുന്നു

الظَّمْآنُ = ദാഹാർത്തൻ

مَاءً = ജലമെന്ന്

حَتَّىٰ إِذَا جَاءَهُ = അവിടേക്ക് (പാഞ്ഞു) ചെന്നപ്പോൾ(ഴോ)

لَمْ يَجِدْهُ شَيْئًا = അതിനെ ഒരു വസ്തുവായും (യാതൊന്നും) കണ്ടില്ല

وَوَجَدَ اللَّهَ عِنْدَهُ = അവിടെ അവൻ അല്ലാഹുവിനെ കണ്ടു (കണ്ടതോ അല്ലാഹുവിനെ)

فَوَفَّاهُ حِسَابَهُ = അവൻ (അല്ലാഹു) അവനു കണക്കു തീർത്തു കൊടുക്കുകയും ചെയ്തു

وَاللَّهُ سَرِيعُ الْحِسَابِ = അല്ലാഹു ശീഘ്രവിചാരകനല്ലോ

പ്രപഞ്ചത്തിൽ നിറഞ്ഞുകിടക്കുന്ന ദൈവിക പ്രകാശം സ്വാംശീകരിക്കുകയും ആ വെളിച്ചത്തിൽ ചരിക്കുകയും ചെയ്യുന്നവരുടെ പരിണതിയാണ് മുൻസൂക്തത്തിൽ പറഞ്ഞത്. ദൈവിക വെളിച്ചം ഉൾക്കൊള്ളാൻ വിസമ്മതിക്കുകയും നിഷേധിക്കുകയും ചെയ്തവരെക്കുറിച്ചാണ് തുടർന്നുപറയുന്നത്. അവർ ധർമതത്ത്വങ്ങളും ജീവിതലക്ഷ്യവും കർമനിയമങ്ങളും സ്വേഛാനുസാരം നിശ്ചയിക്കുന്നു. തങ്ങൾ കണ്ടെത്തിയ തത്ത്വങ്ങളാണ് ഉണ്മയുടെ പൊരുളെന്നും തങ്ങൾ ചെയ്യുന്ന കർമങ്ങളാണ് യഥാർഥ സൽക്കർമങ്ങളെന്നും ശഠിക്കുന്നു. മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്ന ഒരു ദൈവം ഇല്ല. ഉണ്ടെങ്കിൽതന്നെ അവന്റെ വിധിവിലക്കുകളൊന്നും മനുഷ്യനാവശ്യമില്ല. സത്യവും നീതിയും സൽക്കർമവുമൊക്കെ നിശ്ചയിക്കാൻ പര്യാപ്തമായ ബുദ്ധിയുള്ളവനാണ് താൻ. തീവണ്ടിയും വിമാനവും റേഡിയോയും ടെലിവിഷനുമൊക്കെ മനുഷ്യൻ നിർമിച്ചത് ദൈവം പറഞ്ഞുതന്നിട്ടല്ലല്ലോ. അതുപോലെ ജീവിതത്തിന്റെ മറ്റു കാര്യങ്ങളും അവന് സ്വയം കണ്ടെത്താനും തീരുമാനിക്കാനും കഴിയും. ഇങ്ങനെ ചിന്തിച്ച് ദൈവ-മത നിരപേക്ഷമായ ജീവിതം നയിക്കുന്നവർ ധാരാളമുണ്ട്. അതാണ് പുരോഗമനാത്മകമായ ജീവിതം എന്ന്

അവർ കരുതുന്നു. അവരിൽ നാസ്തികരുണ്ട്, ബഹുദൈവാരാധകരുണ്ട്, കപടവിശ്വാസികളുണ്ട്. ഓരോരുത്തരുടെയും ശരി അവരവരുടെ നിലപാടാണ്. ഓരോ വിഭാഗത്തിലും ലൗകിക വിഷയങ്ങളിൽ മഹാപാണ്ഡിത്യമാർജിച്ചവരുണ്ട്, പ്രതിഭാശാലികളുണ്ട്. അവരുടെ ചില വിജ്ഞാനവും പ്രവർത്തനവും മനുഷ്യരാശിക്ക് വളരെയേറെ പ്രയോജനം ചെയ്യുന്നുമുണ്ട്. ചില വിജ്ഞാനവും പ്രവർത്തനവും മഹാനാശമായിത്തീരുന്നുമുണ്ട്. നന്മ ആരു ചെയ്താലും നന്മ തന്നെ. തിന്മയുടെ കാര്യവും അപ്രകാരം തന്നെ. രണ്ടിന്റെയും ഭൗതിക ഫലം-കാര്യകാരണ വ്യവസ്ഥയനുസരിച്ചുള്ള പരിണതി-ഈ ലോകത്ത് പ്രത്യക്ഷമാകും. ഒരുവൻ ആത്മസംതൃപ്തിക്കു വേണ്ടി ഒരു നല്ല കാര്യം ചെയ്താൽ അയാൾക്ക് ആത്മസംതൃപ്തി ലഭിക്കുന്നു. സ്ഥാനമാനങ്ങൾക്കു വേണ്ടി ചെയ്താൽ അതു ലഭിക്കുന്നു. സമ്പത്തിക ലാഭത്തിനു വേണ്ടി ചെയ്താൽ അതും ലഭിക്കുന്നു. ദുഷ്കർമം ചെയ്യുന്നവൻ അതിന്റെ ഗൗരവമനുസരിച്ച് ആക്ഷേപിക്കപ്പെടുന്നു, അപമാനിതനാകുന്നു, ശിക്ഷിക്കപ്പെടുന്നു. നന്മതിന്മകളുടെ പാരത്രിക ഫലത്തിന്റെ അവസ്ഥ ഇതിൽനിന്ന് ഭിന്നമാണ്. ഒരാൾ ഭൗതികലോകത്ത് ചെയ്യുന്ന സൽക്കർമം പരലോകത്ത് എത്തണമെങ്കിൽ അതു ചെയ്തത് ദൈവത്തിലും പരലോകത്തിലും വിശ്വസിച്ചുകൊണ്ടും ദൈവഹിതം മാനിച്ചുകൊണ്ടുമാകണം. അല്ലാഹുവിലും ആഖിറത്തിലും വിശ്വസിക്കാതെ ചെയ്യുന്ന കർമങ്ങൾ ഭൗതിക ലോകത്തിനു വേണ്ടി മാത്രം ചെയ്യുന്നതാണ്. അതിന്റെ ഫലം ഭൗതിക ലോകത്ത് അതിന്റെ കർത്താക്കൾക്ക് ലഭിക്കുകയും ചെയ്യും. പ്രശസ്തിയാണെങ്കിൽ അത്, സ്ഥാനമാനങ്ങളാണെങ്കിൽ അത്, പണമാണെങ്കിൽ അത്. പരലോകത്ത് അതിന് യാതൊരു പരിഗണനയുമുണ്ടാവില്ല. ഖുർആൻ ഇക്കാര്യം അസന്ദിഗ്ധമായി പ്രസ്താവിച്ചിരിക്കുന്നു:

وَمَنْ أَرَادَ الْآخِرَةَ وَسَعَىٰ لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُولَٰئِكَ كَانَ سَعْيُهُم مَّشْكُورًا ﴿١٩﴾

(പരലോകം കാംക്ഷിക്കുകയും വിശ്വാസിയായിക്കൊണ്ട് അതിനു വേണ്ടിയുള്ള പ്രയത്നങ്ങൾ നടത്തുകയും ചെയ്യുന്നവരുണ്ടല്ലോ, അത്തരക്കാരുടെ പ്രയത്നം തീർച്ചയായും പരലോകത്ത് വിലമതിക്കപ്പെടുന്നതാകുന്നു-17:19).

وَمَن يَعْمَلْ مِنَ الصَّالِحَاتِ مِن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَأُولَٰئِكَ يَدْخُلُونَ الْجَنَّةَ ﴿١٢٤﴾

(ആണാവട്ടെ, പെണ്ണാവട്ടെ സത്യവിശ്വാസിയായിക്കൊണ്ട് വല്ല സൽക്കർമം ചെയ്യുന്നവരുണ്ടല്ലോ, അത്തരക്കാർ സ്വർഗത്തിൽ കടക്കുന്നു-4:124).

وَقَدِمْنَا إِلَىٰ مَا عَمِلُوا مِنْ عَمَلٍ فَجَعَلْنَاهُ هَبَاءً مَّنثُورًا ﴿٢٣﴾

(അവർ-പരലോകവിചാരണയിൽ വിശ്വസിക്കാത്തവർ-ചെയ്തുവെച്ച കർമങ്ങളെന്താവട്ടെ നാം അതിനെ ധൂളിയാക്കി പറത്തിക്കളയുന്നു-25:23).

ധൂളിപോലെ പറത്തിക്കളയുമെന്നും മരീചിക പോലെ മിഥ്യയാകുമെന്നും പറയുന്നത് സത്യനിഷേധികളുടെ സൽക്കർമങ്ങളാണ്. അവരുടെ പാപകർമങ്ങൾ വ്യക്തമായ രൂപത്തിൽ പരലോകത്തെത്തുകയും സഗൗരവം പരിഗണിക്കപ്പെടുകയും ചെയ്യും. സത്യ-ധർമങ്ങൾ കാണാനും പാപകർമങ്ങൾ വർജിക്കാനുമാണ് അല്ലാഹു അവന്റെ വെളിച്ചം പ്രാപഞ്ചികദൃഷ്ടാന്തങ്ങളുടെ രൂപത്തിലും വേദഗ്രന്ഥരൂപത്തിലും പ്രവാചകനിയോഗരൂപത്തിലുമെല്ലാം ഈ ലോകത്ത് പ്രസരിച്ചുകൊണ്ടിരിക്കുന്നത്. അതുകാണാൻ വിസമ്മതിച്ചുകൊണ്ട് അല്ലാഹുവിനെ നിഷേധിക്കുക എന്നത് ഏറ്റവും ഗുരുതരവും മഹാശിക്ഷയർഹിക്കുന്നതുമായ കുറ്റമാകുന്നു. ആ കുറ്റത്തിന്റെ അനുബന്ധമായി വരുന്നതാണ് അവരുടെ മറ്റു പാപങ്ങളെല്ലാം. അവയൊന്നും അവഗണിക്കപ്പെടുകയോ ധൂളിയായി പറത്തിക്കളയുകയോ ഇല്ല. അശ്രദ്ധയും അവിവേകവും മൂലം പാപകൃത്യങ്ങളിലേർപ്പെടുകയും പിന്നീട് പ്രജ്ഞയും വിവേകവുമുദിച്ച് അതിൽനിന്നെല്ലാം വിരമിച്ച് അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്തവരുടെ പാപങ്ങളൊഴിച്ച്.

സത്യവിശ്വാസം-ഈമാൻ-ഗൗരവമേറിയ ഒരു യാഥാർഥ്യമാണ്. മനുഷ്യപ്രകൃതിയുടെ അഗാധതലങ്ങളിലേക്കാണ്ടിറങ്ങിയതാണതിന്റെ വേരുകൾ. അതിന്റെ സ്വാധീനവും പ്രചോദനവും വിശ്വാസിയുടെ സ്വഭാവചര്യകളിലൂടെ പ്രകടിതമാകുന്നു. നേരെമറിച്ച് സത്യനിഷേധം ചാണകക്കൂനയിൽ മുളക്കുന്ന വിഷച്ചെടി പോലെയാണ്. അതിന്റെ വിഷക്കനികൾ സ്വഭാവകർമങ്ങളായി പുറത്തുവരുന്നു. എങ്കിലും പ്രകൃതിക്കകത്ത് അതിനു വേരോട്ടമുണ്ടാവില്ല. പലപ്പോഴും പാപകർമങ്ങളിലേർപ്പെടുന്നവരുടെ മനസ്സാക്ഷിതന്നെ അവരെ ആക്ഷേപിച്ചുകൊണ്ടിരിക്കും. പക്ഷേ സത്യവിശ്വാസത്തിന്റെ അഭാവത്തിൽ ചെകുത്താനാകുന്ന ദുർമനസ്സിന് ആ മനസ്സാക്ഷിയെ എളുപ്പം കീഴടക്കാൻ കഴിയുന്നു.

അല്ലാഹു അനുശാസിച്ച നിയമങ്ങളും നിർദേശങ്ങളും നിഷേധിച്ച് സ്വേഛാനുസാരം കർമധർമങ്ങളാവിഷ്കരിച്ചു നടപ്പിലാക്കിയവരെയും അവരുടെ കർമങ്ങളെയും ഉപമിച്ചിരിക്കുന്നത് മരുഭൂമിയിൽ ദാഹിച്ചു വലയുന്ന സഞ്ചാരി അകലെ കണ്ട മരീചിക വെള്ളമെന്നു ധരിച്ച് അതു കോരിക്കുടിക്കാൻ ഓടിച്ചെല്ലുന്നതിനോടാണ്. അയാൾ കണ്ടത് തീക്ഷ്ണമായ സൂര്യകിരണങ്ങളേൽക്കുമ്പോൾ മണൽപരപ്പിലുണ്ടാകുന്ന തിളക്കം മാത്രമായിരുന്നു. അയാൾ അത്യന്തം നിസ്സഹായനും ഭഗ്നാശനുമാകുന്നു. വെള്ളം കിട്ടിയതുമില്ല, ഓടിക്കിതച്ച് കൂടുതൽ അവശനാവുകയും ചെയ്തു. ഇതായിരിക്കും അന്ത്യനാളിൽ സത്യനിഷേധികളുടെ ഗതി. അവർ ജീവിതകാലത്ത് അന്ത്യനാളിനെയും പരലോകത്തെയും നിഷേധിക്കുകയായിരുന്നു. പെട്ടെന്നൊരു നാൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെട്ട് പരലോകത്തെത്തിയപ്പോൾ ബോധ്യമായി. എങ്കിലും ജീവിതകാലത്ത് തങ്ങൾ പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ടല്ലോ. ജനസേവനം, വിജ്ഞാന പ്രചാരണം, ഉപകാരപ്രദമായ കണ്ടുപിടിത്തങ്ങൾ, പാർട്ടികൾക്കുവേണ്ടിയുള്ള നിസ്വാർഥ പ്രവർത്തനങ്ങൾ, ത്യാഗങ്ങൾ... അങ്ങനെ പലതും. അതൊക്കെ പരിഗണിച്ചുകൊണ്ട് ദൈവം തങ്ങളോടു കനിയുമെന്ന പ്രതീക്ഷയുമായി വിചാരണാസഭയിലെത്തിയപ്പോൾ അതൊന്നും അവിടെ കാണുന്നില്ല. കാരണം അതൊന്നും ഇങ്ങനെ ഒരു പരലോകമുണ്ടെന്നും അവിടേക്കുള്ള മുതൽക്കൂട്ടാകുമെന്നും ആകണമെന്നും കരുതി ചെയ്തതല്ലല്ലോ. ആ കർമങ്ങൾകൊണ്ട് ഭൗതികലോകത്ത് അവരാഗ്രഹിച്ച കർമഫലമെന്താണോ, ആ കർമഫലം ഭൗതിക ലോകത്തിന്റെ വ്യവസ്ഥയനുസരിച്ച് അവർക്കു ലഭിക്കുകയും അവരതനുഭവിക്കുകയും ചെയ്തുകഴിഞ്ഞതാണുതാനും. അവിടെ അവർ മുന്നിൽ

കാണുന്നത് കർമങ്ങളുടെ അകവും പുറവും നന്നായറിഞ്ഞു പ്രതിഫലം വിധിക്കുന്ന അല്ലാഹുവിനെയാണ്. അവൻ അവർക്ക് കണക്കുതീർത്തുകൊടുക്കുകയും ചെയ്യുന്നു. കണക്കുനോക്കാനും വിധി പറയാനും അവന് നീണ്ട സമയം വേണ്ട. എല്ലാം അതിശീഘ്രം നടക്കുന്നു.

كفّار അല്ലെങ്കിൽ الّذين كفروا എന്ന് ഖുർആൻ പറയാറുള്ളത് ദൈവനിഷേധികളെ കുറിക്കാൻ മാത്രമല്ല. ഖുർആന്റെ സംബോധിതരിൽ ദൈവാസ്തിക്യം നിഷേധിക്കുന്നവർ ഉണ്ടായിരുന്നില്ല. ഏറക്കുറെ എല്ലാവരും ബഹുദൈവ വിശ്വാസികളായിരുന്നു. ബഹുദൈവാരാധകരെ ഖുർആൻ ചില സന്ദർഭങ്ങളിൽ مشركون എന്നും ചില സന്ദർഭങ്ങളിൽ كفّار എന്നും വിളിച്ചിരിക്കുന്നു. അടിസ്ഥാനപരമായി ബഹുദൈവ വിശ്വാസവും (شرك) സത്യനിഷേധവും (كفر) ഒന്നുതന്നെയാണ്. ദൈവം ഉണ്ട് എന്നു സമ്മതിക്കൽ മാത്രമല്ല ഈമാൻ-സത്യവിശ്വാസം-എന്നു പറയുന്നത്. മറിച്ച് ദൈവത്തെ അവന്റെ എല്ലാ ഗുണവിശേഷങ്ങളോടും ആ ഗുണവിശേഷങ്ങളുടെ എല്ലാ താൽപര്യങ്ങളോടും കൂടി അംഗീകരിക്കലാണ്. അല്ലാഹുവിന്റെ ഏതെങ്കിലും ഗുണങ്ങളോ അതിന്റെ താൽപര്യമോ നിഷേധിക്കുന്നതും كفر-സത്യനിഷേധം-ആകുന്നു. ഉദാഹരണമായി അല്ലാഹു ഉണ്ടെങ്കിലും അവൻ സർവശക്തനൊന്നുമല്ലെന്നു വാദിക്കുക. അല്ലെങ്കിൽ അല്ലാഹു നീതിമാനാണെങ്കിലും ഈ ലോകത്ത് നടന്ന അക്രമങ്ങളും അനീതിയുമൊക്കെ വിചാരണ ചെയ്തു പരലോകത്ത് എല്ലാവർക്കും നീതി നൽകുക എന്നൊരു താൽപര്യം അതിനില്ല എന്നു വാദിക്കുക. وَاللَّهُ سَرِيعُ الْحِسَابِ എന്ന വചനം നേരത്തേ *അൽ ബഖറ, ആലുഇംറാൻ, അൽമാഇദ, അൽ അഅ്റാഫ്, അർറഅ്ദ്, ഇബ്റാഹീം* സൂറകളിൽ വന്നിട്ടുള്ളതും വിശദീകരിച്ചിട്ടുള്ളതുമാകുന്നു. പരലോകവും രക്ഷാശിക്ഷകളുമൊക്കെ ഉണ്ടെങ്കിൽതന്നെ, കാലത്തിന്റെ അങ്ങേ അറ്റത്ത് എന്നോ സംഭവിക്കാവുന്ന അതേപ്പറ്റി ചിന്തിച്ച് മുന്നിലുള്ള ഭൗതിക ജീവിതത്തിന്റെ സുഖാനന്ദങ്ങൾ ത്യജിക്കുന്നത് വിഡ്ഢിത്തമാണെന്നും സകലമാന മനുഷ്യരുടെയും കർമജീവിതം മുഴുവൻ ഒരുനാൾ വിചാരണ ചെയ്യപ്പെടുക അസാധ്യമാണെന്നും വിചാരിക്കുന്നവരെ ഉണർത്തുകയാണിവിടെ: കാര്യം നിങ്ങൾ കരുതുന്നതുപോലെയല്ല. നിങ്ങളുടെ ഭൗതിക ജീവിതം അവസാനിക്കുന്നതോടെ, ഭൗതികലോകത്തിന്റെ കാലവുമായുള്ള നിങ്ങളുടെ ബന്ധവും അവസാനിക്കുന്നു. മരണാനന്തരം ഉയിർത്തെഴുന്നേൽക്കുമ്പോൾ ഒന്നോ രണ്ടോ നാഴിക നേരം ഉറങ്ങിയുണർന്നതായേ നിങ്ങൾക്കു തോന്നൂ. പിന്നെ ഓരോരുത്തരുടെയും കൈയിൽ അവരുടെ കർമപുസ്തകം എത്താനും വിചാരണാ നടപടികൾ പൂർത്തിയാക്കാനും ഒട്ടും താമസമുണ്ടാവില്ല. ■

أَوْ كَظُلُمَاتٍ فِي بَحْرٍ لُّجِّيٍّ يَغْشَاهُ مَوْجٌ مِّن فَوْقِهِ مَوْجٌ مِّن فَوْقِهِ سَحَابٌ ۚ ظُلُمَاتٌ بَعْضُهَا فَوْقَ بَعْضٍ إِذَا أَخْرَجَ يَدَهُ لَمْ يَكَدْ يَرَاهَا ۗ وَمَن لَّمْ يَجْعَلِ اللَّهُ لَهُ نُورًا فَمَا لَهُ مِن نُّورٍ ﴿٤٠﴾

**40.** അല്ലെങ്കിൽ അവന്റെ അവസ്ഥ ആഴക്കടലിലെ ഇരുട്ടുകളിലകപ്പെട്ടതുപോലെ. തിര അവനെ മൂടുന്നു. അതിനു മീതെയും തിര. അതിനു മീതെ കാർമേഘം. ഒന്നിനു മീതെ ഒന്നായി കട്ടപിടിച്ച ഇരുട്ടുകൾ. സ്വന്തം കൈ പുറത്തേക്കിട്ടാൽ അതുപോലും കാണാറാകുന്നില്ല. അല്ലാഹു വെളിച്ചം ഉണ്ടാക്കിക്കൊടുക്കാത്തവന് പിന്നെ വെളിച്ചമേയില്ല.

**40**

أَوْ كَظُلُمَاتٍ = അല്ലെങ്കിൽ ഇരുട്ടുകൾ പോലെ (അവന്റെ അവസ്ഥ ഇരുട്ടുകളിലകപ്പെട്ടതുപോലെ)

فِي بَحْرٍ لُّجِّيٍّ = ഒരു ആഴക്കടലിലെ; يَغْشَاهُ = അവനെ മൂടുന്നു; مَوْجٌ = തിര; مِّن فَوْقِهِ مَوْجٌ = അതിനു മീതെയും തിര

مِّن فَوْقِهِ سَحَابٌ = അതിനു മീതെ (കാർ)മേഘം

ظُلُمَاتٌ بَعْضُهَا فَوْقَ بَعْضٍ = ചിലതിനു മീതെ ചിലതായി ഇരുട്ടുകൾ (ഒന്നിനു മീതെ ഒന്നായി കട്ടപിടിച്ച ഇരുട്ടുകൾ)

إِذَا أَخْرَجَ يَدَهُ = അവന്റെ (സ്വന്തം) കൈ പുറത്തേക്കിട്ടാൽ; لَمْ يَكَدْ يَرَاهَا = അത് (പോലും) അവൻ കാണുമാറാകുന്നില്ല

وَمَن لَّمْ يَجْعَلِ اللَّهُ لَهُ نُورًا = യാതൊരുവൻ, അല്ലാഹു അവനു വെളിച്ചം ഉണ്ടാക്കിക്കൊടുത്തില്ലയോ

فَمَا لَهُ مِن نُّورٍ = അവനു പിന്നെ വെളിച്ചമേയില്ല

സമുദ്രത്തിന്റെ ഏറ്റം ആഴം കൂടിയ ഭാഗമാണ് لُجّ. അതിനോട് സംബന്ധികാപ്രത്യയമായ ياء ചേർത്തതാണ് لُجِّي. ആഴക്കടലിനാണ് بَحْرٌ لُجِّيٌّ എന്നു പറയുക. നേരത്തേ അല്ലാഹുവിലും ഖുർആനിലും പ്രവാചകനിലുമുള്ള വിശ്വാസത്തെ വെളിച്ചമായും ആ വിശ്വാസത്തിലധിഷ്ഠിതമായ ജീവിതത്തെ വെളിച്ചത്തിൽ ചരിക്കലായും വർണിച്ചുവല്ലോ. അതുപോലെ സത്യനിഷേധത്തെയും സ്വേഛാജീവിതത്തെയും ഇരുട്ടിനോടുപമിച്ചിരിക്കുകയാണ്. മരീചികയോടുപമിച്ചത് സത്യനിഷേധികളുടെ കർമങ്ങളെയായിരുന്നു. ഇരുട്ടി

നോടുപമിക്കുന്നത് ആദർശ വിശ്വാസങ്ങളെയും അതിന്റെ പരിണിത ഫലത്തെയുമാണ്. അവർ അല്ലാഹുവിനെ നിഷേധിച്ചു. അല്ലെങ്കിൽ വിശ്വസിക്കേണ്ടവിധം വിശ്വസിച്ചില്ല. അതിനാൽ ഘനാന്ധകാരത്തിൽ ജീവിതം നയിക്കേണ്ടിവന്നു. ഇരുട്ടിനെ വെളിച്ചമെന്നു ഭ്രമിച്ചതിനാൽ തങ്ങൾ ഇരുട്ടിലാണെന്ന് അറിഞ്ഞതുമില്ല. അറിഞ്ഞത് ഇരുട്ട് അവരെ ആപൽഗർത്തത്തിൽ തള്ളിയിട്ടപ്പോഴാണ്. പരലോക വിചാരണയുടെ ഭീകരാവസ്ഥയാണാ ഗർത്തം. അത് ആഴക്കടൽ പോലെയാണ്. അടിയിൽ കൂരിരിട്ട്. മുകളിൽ ഒന്നിനു മീതെ ഒന്നായി അലയടിച്ചെത്തുന്ന തിരമാലകളുടെ ഇരുട്ട്. അതിനു മീതെ മൂടിനിൽക്കുന്ന കാർമേഘങ്ങളുടെ ഇരുട്ട്. എല്ലാറ്റിനുമുപരി രാത്രിയുടെ ഇരുട്ട്. അങ്ങനെ ഇരുട്ടോടിരുട്ട്. ആ ഘനാന്ധകാരത്തിൽ സ്വന്തം കൈ പുറത്തേക്കുനീട്ടിയാൽ അതുപോലും കാണാനാവില്ല.

മനക്കണ്ണിന്റെ വെളിച്ചം അല്ലാഹു പ്രസരിക്കുന്ന വെളിച്ചമാണ്. അതാണ് ഈമാൻ. ആ വെളിച്ചം നുകരാൻ ഭാഗ്യം സിദ്ധിക്കാത്തവർക്ക്, അഥവാ അല്ലാഹുവിൽ വിശ്വസിക്കാത്തവർക്ക് മറ്റെവിടെനിന്നും ഒരു വെളിച്ചവും കിട്ടാനില്ല. ഈമാനിന്റെ രാജവീഥിയിലെത്തുന്നതുവരെ അവർക്ക് ഇതുപോലുള്ള കൂരിരുട്ടുകളിൽ വഴിതെറ്റി അലയുകയേ ഗതിയുള്ളൂ. ഇരുട്ടുകൾ അവരെ ദിനംപ്രതി കൂടുതൽ കനത്ത ഇരുട്ടുകളിലേക്കല്ലാതെ ഒരിക്കലും വെളിച്ചത്തിലേക്ക് നയിക്കുകയില്ല. ■

---

أَلَمْ تَرَ أَنَّ اللَّهَ يُسَبِّحُ لَهُ مَنْ فِي السَّمَاوَاتِ وَالْأَرْضِ وَالطَّيْرُ صَافَّاتٍ ۖ كُلٌّ قَدْ عَلِمَ صَلَاتَهُ وَتَسْبِيحَهُ ۗ وَاللَّهُ عَلِيمٌ بِمَا يَفْعَلُونَ ﴿٤١﴾

41. വാനഭുവനങ്ങളിലുള്ളവരും ചിറകു വിടർത്തി പറക്കുന്ന പറവകളുമെല്ലാം അല്ലാഹുവിന്റെ വിശുദ്ധിയെ വാഴ്ത്തിക്കൊണ്ടിരിക്കുന്നതു നീ കാണുന്നില്ലയോ? ഓരോന്നിനും അതിന്റെ നമസ്കാരവും സ്തോത്രവും അറിയാം. അവ ചെയ്യുന്നതെന്തെന്ന് അല്ലാഹുവിനും നന്നായറിയാം.

**41**

أَلَمْ تَرَ = നീ കാണുന്നില്ലയോ? أَنَّ اللَّهَ = എന്തെന്നാൽ അല്ലാഹു
يُسَبِّحُ لَهُ = അവ(അല്ലാഹുവി)ന്റെ വിശുദ്ധി വാഴ്ത്തിക്കൊണ്ടിരിക്കുന്നു
مَنْ فِي السَّمَاوَاتِ وَالْأَرْضِ = ആകാശഭൂമിയിലുള്ളവർ(രും) وَالطَّيْرُ صَافَّاتٍ = ചിറകു വിടർത്തി പറക്കുന്ന പറവകളും (എല്ലാം)
كُلٌّ = എല്ലാ ഓരോന്നും قَدْ عَلِمَ صَلَاتَهُ = തീർച്ചയായും അതിന്റെ നമസ്കാരം അറിഞ്ഞിരിക്കുന്നു (അറിയാം)
وَتَسْبِيحَهُ = അതിന്റെ സ്തോത്രവും وَاللَّهُ عَلِيمٌ = അല്ലാഹു സർവജ്ഞനാകുന്നു (അല്ലാഹുവിന് നന്നായറിയാം)
بِمَا يَفْعَلُونَ = അവർ ചെയ്യുന്നത് (എന്തെന്ന്)

ഇവിടം മുതൽ 45-ാം സൂക്തം വരെ സർവശക്തനും പ്രപഞ്ചാധിപനും സൃഷ്ടികളുടെ യഥാർഥ ആരാധ്യനുമായ സത്യദൈവത്തിൽ വിശ്വസിക്കാനുള്ള പ്രബോധനമാണ്. ആദ്യമായി ഈ പ്രപഞ്ചം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത് പങ്കാളിത്തമില്ലാത്ത ഏക ദൈവമാണെന്നും മറ്റാർക്കും പ്രപഞ്ച ഭരണത്തിൽ യാതൊരു സ്വാധീനവുമില്ലെന്നും സാക്ഷ്യപ്പെടുത്തുന്ന ദൈവിക ഗുണങ്ങളിലേക്കും ദൃഷ്ടാന്തങ്ങളിലേക്കും ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. പ്രപഞ്ചം മുഴുവൻ ഏകനായ വിധാതാവിനെ സ്തോത്രം ചെയ്തുകൊണ്ടിരിക്കുകയാണ്. തങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നമസ്കാര രീതിയും സ്തോത്ര രീതിയും ഓരോ സൃഷ്ടിക്കും അറിയാം. അവർ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം അല്ലാഹു നന്നായി വീക്ഷിക്കുന്നുമുണ്ട്. അവൻ മാത്രമാകുന്നു പ്രപഞ്ചാധിപൻ. സകല സൃഷ്ടികളും ഒടുവിൽ അവനിലേക്കുതന്നെ ചെന്നുചേരേണ്ടതാണ്.

صف -ൽനിന്നുള്ള ബഹുവചന കർതൃപദമാണ് صافّات. അണിയും വരിയും നിരയുമൊക്കെയാണ് صف. പക്ഷികളുടെ വിശേഷണമായി വരുമ്പോൾ, صافّات -ന് അർഥം ചിറകുവിടർത്തി പറക്കുന്ന എന്നാകുന്നു. كُلٌّ قَدْ عَلِمَ -എല്ലാ ഓരോന്നും അറിഞ്ഞു-എന്നു പറഞ്ഞത് ഒരുപക്ഷേ മനുഷ്യരുടേതു പോലുള്ള ആർജിതമായ അറിവാകാം. അല്ലെങ്കിൽ ദൈവസ്തോത്രം ഓരോന്നിന്റെയും പ്രകൃതിയിൽ ഊട്ടപ്പെട്ടിരിക്കുന്നു എന്ന അർഥത്തിലുമാകാം. പ്രമുഖ പണ്ഡിതന്മാരിലധികപേരും സ്വീകരിച്ചിട്ടുള്ളത് രണ്ടാമതു പറഞ്ഞതാണ്. അവരുടെ വീക്ഷണത്തിൽ പക്ഷികളുടെ പാട്ടും പാമ്പിന്റെ നൃത്തവും ദൈവാരാധനയാണ്. അതുപോലെ എല്ലാ സൃഷ്ടികൾക്കും അവയുടേതായ ആരാധനാ രീതിയുണ്ട്. ഇവിടെ صَلَاتَهُ എന്നു പറഞ്ഞത് മനുഷ്യരുടെ നമസ്കാരത്തെക്കുറിച്ചാണെന്നും تَسْبِيحَهُ എന്നു പറഞ്ഞത് തിര്യക്കുകളുടെ ആരാധനയെക്കുറിച്ചാണെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. സ്വലാത്തിന് പ്രാർഥനയെന്നാണിവിടെ അർഥമെന്നും തസ്ബീഹ് പോലെ പ്രാർഥനയും എല്ലാ ജീവികൾക്കുമുണ്ടെന്നുമാണ് ചില വ്യാഖ്യാതാക്കളുടെ വീക്ഷണം. മനുഷ്യരല്ലാത്ത സകല ജന്തുക്കൾക്കും അല്ലാഹു നൽകിയ പ്രകൃതി തന്നെയാണ് അവയോടുള്ള ദൈവകൽപനയെന്നും ആ പ്രകൃതി

യിൽനിന്ന് അണു അളവ് തെറ്റാതെ ജീവിത ചക്രം പൂർത്തിയാക്കുന്നതു തന്നെയാണ് അവയുടെ നമസ്കാരവും തസ്ബീഹും എന്നുമാണ് ഒരു വിഭാഗം പണ്ഡിതന്മാരുടെ വാദം.

ഇക്കാര്യത്തിൽ തർക്കിക്കുന്നതിൽ കാര്യമുണ്ടെന്നു തോന്നുന്നില്ല. ജന്തുക്കൾ നമ്മെപ്പോലെ സംസാരിക്കാത്തതുകൊണ്ട്, അല്ലെങ്കിൽ അവരുടെ സംസാരം നമുക്ക് ഗ്രഹിക്കാനാവാത്തതു കൊണ്ടും അവ നമ്മെപ്പോലെ നമസ്കരിക്കുകയും സ്തോത്രം ചൊല്ലുകയും ചെയ്യുന്നതു കാണാത്തതു കൊണ്ടുമാണല്ലോ അവരുടെ ജീവിതം സാകല്യേന, അല്ലെങ്കിൽ ചില ചേഷ്ഠകളെ, ആരാധനയും തസ്ബീഹുമായി വ്യാഖ്യാനിക്കപ്പെടുന്നത്. ജന്തുക്കൾക്ക് ഭാഷയും സംസാരവും ഇല്ലെന്നോ നാം കാണുന്നതിലപ്പുറമുള്ള ആരാധനാക്രമങ്ങളില്ലെന്നോ ഒന്നും അതിനർഥമില്ല. നമുക്ക് ഗ്രഹിക്കാൻ കഴിയുന്ന ഭാഷയിൽ സംസാരിക്കാത്തവരെയാണ് നാം ഭാഷയില്ലാത്തവരും മിണ്ടാപ്രാണികളുമായികാണുന്നത്. പണ്ട് അറബികൾ അവർക്ക് മനസ്സിലാകാത്ത ഭാഷ സംസാരിക്കുന്ന അനറബികളെ മിണ്ടാപ്രാണികൾ- عجم -എന്നു പറഞ്ഞിരുന്നു. അതുപോലെ മൃഗങ്ങളെ മിണ്ടാപ്രാണി എന്നു പറയുമ്പോഴും അവരുടെ ഭാഷ നമുക്ക് മനസ്സിലാവില്ല എന്നേ അർഥമാക്കേണ്ടൂ. മൃഗങ്ങൾക്ക് നമ്മൾ മനുഷ്യരാണ് മിണ്ടാപ്രാണികൾ. സുലൈമാൻ നബിക്ക് പക്ഷികളുടെയും ഉറുമ്പുകളുടെയും ഭാഷ അറിയാമായിരുന്നുവെന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്. തിര്യക്കുകൾക്ക് അവയുടെ ഭാഷയും നാവുകൊണ്ടുള്ള സംസാരമല്ലാത്ത മറ്റു ചില ആശയവിനിമയോപാധികളും ഉണ്ടെന്ന് ആധുനിക ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. അതുകൊണ്ട് തിര്യക്കുകളുടെ പ്രാർഥനയും സ്തോത്രവും ഭാഷകൊണ്ടല്ല, ജീവിത രീതി കൊണ്ടോ ചേഷ്ടകൾ കൊണ്ടോ ആണെന്ന് ഉറപ്പിച്ചു പറയാൻ നമുക്കു കഴിയില്ല. വിശുദ്ധ ഖുർആനും അക്കാര്യം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു:

تُسَبِّحُ لَهُ السَّمَاوَاتُ السَّبْعُ وَالْأَرْضُ وَمَنْ فِيهِنَّ ۚ وَإِنْ مِنْ شَيْءٍ إِلَّا يُسَبِّحُ بِحَمْدِهِ وَلَٰكِنْ لَا تَفْقَهُونَ تَسْبِيحَهُمْ

(ഏഴാകാശങ്ങളും ഭൂലോകവും അവയിലുള്ളതൊക്കെയും അവന്റെ വിശുദ്ധി വാഴ്ത്തിക്കൊണ്ടിരിക്കുന്നു. അവന്റെ സ്തുതി പ്രകീർത്തിക്കാത്ത യാതൊരു വസ്തുവുമില്ല. പക്ഷേ അവയുടെ പ്രകീർത്തനം നിങ്ങൾ ഗ്രഹിക്കുന്നില്ല-17:44). എന്നാൽ സൃഷ്ടികളുടെ ഘടനയിലും പ്രകൃതിയിലും വാഴ്വിലുമെല്ലാം അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുണ്ട്. ആ ദൃഷ്ടാന്തങ്ങൾ മനുഷ്യരെ നിരന്തരം അല്ലാഹുവിലേക്കു വിളിച്ചുകൊണ്ടിരിക്കുന്നു.

ഈ പ്രസ്താവനയിൽ ദൈവിക മാർഗം തെരഞ്ഞെടുത്ത വിശ്വാസികൾക്ക് ഇങ്ങനെയൊരു പ്രോത്സാഹനവും ഉണ്ട്. അല്ലാഹുവിനെ മാത്രം ദൈവമായി അംഗീകരിക്കുകയും അവന് മാത്രം വഴിപ്പെട്ടു വാഴുകയും ചെയ്യുന്നതിൽ നിങ്ങൾ തനിച്ചല്ല. അക്കാര്യത്തിൽ നിങ്ങൾ ന്യൂനപക്ഷമാണെന്നും കരുതേണ്ട. പ്രപഞ്ചമഖിലം നിങ്ങളുടെ സഹയാത്രികരാകുന്നു. കുറേ കൃതഘ്നരായ നികൃഷ്ട മനുഷ്യർ ഈ യാത്രാസംഘത്തിൽനിന്ന് മാറിനിൽക്കുന്നുവെങ്കിൽ അവരുടെ പിരിഞ്ഞുപോക്കിൽ നിങ്ങൾ നിരാശപ്പെടേണ്ട കാര്യമില്ല. നിരാശ പിടികൂടാൻ പോകുന്നത് അവരെയാണ്. അല്ലാഹുവിന്റെ ആകാശവും ഭൂമിയും സൂര്യചന്ദ്രന്മാരും പർവതവും പുഴയും സമുദ്രവും സമതലവും പക്ഷികളും പാമ്പുകളുമെല്ലാം സദാ വിശ്വാസികളുടെ സഹയാത്രികരായുണ്ട്. കൃതഘ്നരായ നിഷേധികൾക്കോ സഹയാത്രികരായി ആരുമില്ല.

തിര്യക്കുകളുടെ ദൈവാരാധന നിങ്ങൾക്കു മനസ്സിലാകുന്നില്ലെങ്കിൽ അതുകൊണ്ട് ഒരു കുഴപ്പവുമില്ല. അതറിയേണ്ട അല്ലാഹു അവരുടെ കർമങ്ങളൊക്കെയും വ്യക്തമായി അറിയുന്നുണ്ട്. മനുഷ്യർ പാഠമുൾക്കൊള്ളുന്നതിന് വേണ്ടി അവരുടെ ആരാധനയെക്കുറിച്ച് അല്ലാഹു അവരെ ഉണർത്തിയിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ഇതാണ് وَاللَّهُ عَلِيمٌ بِمَا يَفْعَلُونَ എന്ന വാക്യത്തിന്റെ താൽപര്യം. ■

وَلِلَّهِ مُلْكُ السَّمَاوَاتِ وَالْأَرْضِ ۖ وَإِلَى اللَّهِ الْمَصِيرُ ﴿٤٢﴾

**42.** ആകാശഭൂമികളുടെ ആധിപത്യം അല്ലാഹുവിനു മാത്രമാകുന്നു. എല്ലാം തിരിച്ചെത്തേണ്ടതും അവങ്കലേക്കുതന്നെ.

**42**

وَلِلَّهِ مُلْكُ السَّمَاوَاتِ وَالْأَرْضِ = ആകാശഭൂമികളുടെ ആധിപത്യം അല്ലാഹുവിന് (മാത്രം) ആകുന്നു

وَإِلَى اللَّهِ = അല്ലാഹുവിങ്കലേക്കു തന്നെയാണ് الْمَصِيرُ = പരിണതി (എല്ലാവരും തിരിച്ചെത്തേണ്ടതും)

പ്രാപഞ്ചിക വസ്തുക്കളഖിലം അല്ലാഹുവിനെ വാഴ്ത്തുകയും വഴിപ്പെടുകയും ചെയ്യുന്നതിന്റെ, ചെയ്യേണ്ടതിന്റെ ന്യായം വ്യക്തമാക്കുകയാണ്: ആകാശഭൂമികളുടെ സർവാധികാരങ്ങളും ഉടമസ്ഥതയും അല്ലാഹുവിനു മാത്രമുള്ളതാകുന്നു. എല്ലാം ഒടുവിൽ ചെന്നുചേരേണ്ടതും അവങ്കൽ തന്നെ. ഈ പ്രപഞ്ചം ഇവ്വിധം സംവിധാനിച്ചതിൽ അവനല്ലാത്ത മറ്റാർക്കും ഒരു പങ്കുമില്ല. നാളെ പരലോകത്ത് തിരിച്ചുചെല്ലേണ്ടതും അവന്റെ സന്നിധിയിലേക്കല്ലാതെ മറ്റെവിടേക്കുമല്ല. ഇതാണ് സത്യമെങ്കിൽ ഇഹത്തിലും പരത്തിലും അധികാരശക്തികളഖിലം അല്ലാഹുവിന്റെ ഹസ്തത്തിലാണല്ലോ. എന്നിരിക്കെ സ്തുതിക്കപ്പെടാനും ആരാധിക്കപ്പെടാനും അവനല്ലാത്തവർക്കെന്തവകാശം?! ■